**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **09-08-2023 - ൽ മറുപടിയ്ക്ക്**

**പിഎം-കുസും പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഇവം ഉത്താൻ മഹാഭിയാൻ (പിഎം-കുസും പദ്ധതി) പ്രകാരം 2022 - 2023 സാമ്പത്തിക വർഷം വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ? | (എ) | കാർഷിക പമ്പുകളുടെ സൗരോർജ്ജ വത്കരണം ലക്ഷ്യം വച്ചുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി. എം. കുസും. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി, കാർഷിക പമ്പുകളുടെ ശൃംഖല ബന്ധിത സൗരോർജ്ജവൽക്കരണ പദ്ധതിയുടെ സംസ്ഥാനതല നിർമ്മാണ പ്രവൃത്തികൾ ആദ്യമായി തുടങ്ങിയത് തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പുഴക്കൽ ബ്ലോക്കിലെ അടാട്ട് കൃഷിഭവനിൽ ആണ്. പ്രസ്തുത മണ്ഡലത്തിലെ തോളൂർ കൃഷിഭവനിലും കൈപ്പറമ്പ് കൃഷിഭവനിലും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങേണ്ട നടപടികൾ ആരംഭിക്കുകയും ഈ മൂന്ന് കൃഷിഭവനുകളിലുമായി 76 സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുള്ള അനുമതി നൽകിയതിൽ 22 നിലയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും, ബാക്കിയുള്ളവയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. വലിയ ശേഷിയുള്ള പമ്പുകളുടെ സൗരോർജ്ജ വൽക്കരണത്തിന്റെ ഭാഗമായി ഒമ്പതുമുറി എന്ന പാടശേഖര സമിതിയുടെ പമ്പ് സൗരോർജ്ജവൽക്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ